# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3831

19.03.2018-ന് മറുപടിയ്ക്ക്

## അവിടനല്ലൂർ ഹൈസ്കൂളിനെ 'മികവിന്റെ കേന്ദ്രമാക്കൽ' പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2017-18 വർഷത്തെ ബജറ്റിൽ ആയിരം കുട്ടികൾ പഠിക്കുന്ന ഗവൺമെന്റ് ഹൈസ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് മൂന്ന് കോടി രൂപ അനുവദിച്ചിരുന്ന പദ്ധതിയിൽ ബാലുശ്ശേരി മണ്ഡലത്തിലെ ഗവൺമെന്റ് ഹൈസ്കൂൾ, അവിടനല്ലൂർ ഉൾപ്പെടാതെ പോയത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഗവൺമെന്റ് ഹൈസ്കൂൾ, അവിടനല്ലൂരിനെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (ബി) 2018-19 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽ നിന്നും 2017-18 വർഷത്തിൽ വിട്ടുപോയിട്ടുള്ള സ്കൂളുകളെ കൂടി ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കിഫ്ബി മുഖേനയുള്ള മൂന്നുകോടി രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സ്കൂൾ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ